# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ആലങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**

**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ ഇ കെ എം(പി3)1418/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 30/10/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ ഇ കെ എം(പി3)1418/2024

തീയ്യതി: 30/10/2024

**<u>എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## <u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

**<u>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷെർലി പീറ്റർ | ഡെപ്യൂട്ടി ഡയറക്ടർ | 03-09-2024 | 11-09-2024 |

**<u>ഓഡിറ്റിന് വിനിയോഗിച്ച സമയം :</u>**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-09-2024 | 11-09-2024 |

**<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:</u>**

ശ്രീ കവിതാ ദേവി വി,ഓഡിറ്റ് ഓഫീസർ
ശ്രീ പ്രവീൺ ഷേണായി ജെ,ഓഡിറ്റ് ഓഫീസർ
ശ്രീ സജീവ് എൻ.എം അസിസ്റ്റന്റ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ബെറ്റ്സി സി.എക്സ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മനാഫ്.പി.എം | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ ഷാജി.എസ് | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സഞ്ചയ് ഹക്കീം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി മരിയ വിനീത | അസിസ്റ്റന്റ് എഞ്ചിനിയർ(ഇൻചാർജ്ജ്)) | 01-04-2023 | 11-04-2023 |
| ശ്രീമതി ശ്രീജ ജി.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 12-04-2023 | 19-07-2023 |
| ശ്രീമതി അഞ്ജു ആന്റണി | അസിസ്റ്റന്റ് എഞ്ചിനിയർ | 20-07-2023 | 31-03-2024 |
| ശ്രീമതി അഞ്ജു മറിയം എബ്രഹാം | കൃഷി ഓഫീസർ | 01-04-2023 | 13-06-2023 |
| ശ്രീമതി രേഷ്മ പ്രാൻസിസ് | കൃഷി ഓഫീസർ | 14-06-2023 | 31-12-2023 |
| ശ്രീമതി അഞ്ജു മറിയം എബ്രഹാം | കൃഷി ഓഫീസർ | 01-01-2024 | 31-03-2024 |
| ഡോ അജിത് സി | സീനിയർ വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ ഫിലോമിന അലോഷ്യസ് | മെഡിക്കൽ ഓഫിസർ പിഎച്ച്.സി | 01-04-2023 | 31-03-2024 |
| ഡോ ലേഖ ഡി.എസ് | മെഡിക്കൽ ഓഫിസർ,ഹോമിയോ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| | ഡിസ്പെൻസറി | | |
| ഡോ ഇന്ദിര.പി.വി | മെഡിക്കൽ ഓഫിസർ,ആയുർവേദം | 01-04-2023 | 03-09-2023 |
| ഡോ ഫസീല.ഇ.ഐ | മെഡിക്കൽ ഓഫിസർ,ആയുർവേദം | 04-09-2023 | 31-03-2024 |
| ശ്രീ വിനയൻ ടി എം | വി.ഇ.ഒ, പാനായികുളം | 01-04-2023 | 31-03-2024 |
| ശ്രീ സുമേഷ് ടി.എസ് | വി.ഇ.ഒ,കോട്ടപ്പുറം | 01-04-2023 | 21-07-2023 |
| ശ്രീ പ്രഗത് വി.പ്രഭാകർ | വി.ഇ.ഒ,കോട്ടപ്പുറം | 22-07-2023 | 31-03-2024 |
| ശ്രീമതി ഫൌസിയ വി എം | ഹെഡ് മിസ്ട്രസ്സ് - ജി എൽ പി എസ് | 01-04-2023 | 31-05-2023 |
| ശ്രീമതി ലില്ലി ഗ്രേസ് പി.ആർ | ഹെഡ് മിസ്ട്രസ്സ് - ജി എൽ പി എസ് | 01-06-2023 | 31-03-2024 |
| ശ്രീമതി സ്നേഹ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി സമീന ലെത്തീഫ് | ICDS സൂപ്പർ വൈസർ | 01-04-2023 | 29-09-2023 |
| ശ്രീമതി രാജി.കെ.ജി | ICDS സൂപ്പർ വൈസർ | 30-09-2023 | 10-11-2023 |
| ശ്രീമതി സമീന ലെത്തീഫ് | ICDS സൂപ്പർ വൈസർ | 11-11-2023 | 04-12-2023 |
| ശ്രീമതി സംഗീത വി.എസ് | ICDS സൂപ്പർ വൈസർ | 05-12-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 1-1-1 |
| 3 | വസ്തുനികുതി ഡി.സി.ബി. കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ ആസ്തിയായി അക്കൗണ്ട് ചെയ്യേണ്ടതാണ്. | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 13 | ഹരിതകർമ്മസേന | 1-10 |
| 14 | വാടക - അപാകതകൾ | 1-11 |
| 15 | തൊഴിൽ നികുതി - അപാകതകൾ | 1-12 |
| 16 | വസ്തുനികുതി - അപാകതകൾ | 1-13 |
| 17 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക ഈടാക്കേണ്ടതാണ് | 1-14 |
| 18 | സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ - പ്രവർത്തിക്കുന്നു-തനതുവരുമാനത്തിൽ നഷ്ടം | 1-15 |
| 19 | ഇ-ടെണ്ടർ ഫീസ് തുക തനത് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ് | 1-16 |
| 20 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല - 102705/- തടസ്സപ്പെടുത്തുന്നു. | 1-17 |
| 21 | മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ-280000/-തടസ്സം | 1-18 |
| 22 | സിഎച്ച്സിയിലേക്ക് മരുന്ന് വാങ്ങൽ-80834 രൂപ തടസം | 1-19 |
| 23 | തനതുഫണ്ട് ചെലവുകൾ - പരാമർശങ്ങൾ | 1-20 |
| 24 | ഹെൽത്ത് ആന്റ് വെൽനെസ് പ്രോജക്റ്റ്-5000രൂപ അധികം നല്കി | 1-21 |

| | | |
|---|---|---|
| 25 | വലിയകാട്ടിൽ റോഡ് സമഗ്ര വികസനം -എസ്റ്റിമേറ്റ് നിരക്കിലും അധികം തുക നൽകി | 1-22 |
| 26 | വിനിയോഗവിവരം ലഭിച്ചിട്ടില്ല-തടസ്സം 1592895/- രൂപ | 1-23 |
| 27 | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ -ആപാകതകൾ | 1-24 |
| 28 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-അപാകതകൾ | 1-25 |
| 29 | തരിശു നിലങ്ങളിൽ നെൽകൃഷി-അപാകത | 1-26 |
| 30 | എസ്സ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി - അപാകത | 1-27 |
| 31 | ബയോ കമ്പോസ്റ്റർ ബിൻ -വിതരണത്തിലെ അപാകതകൾ | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഇന്റർനെററ് ചാർജിംങ്-5000/- രൂപ അധികം നല്കി | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സം ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനു **07.06.2024 ലെ 1(1)**-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **19.06.2** തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ആലങ്ങാട് ഗ്രാമ പഞ്ചായ** മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻ എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്ത ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടി എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ച രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തര ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യാ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാന അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവ നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിര കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ആലങ്ങാട് ഗ്രാമപഞ്ചായ** **2023-24** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേ സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : കാക്കനാട്**
**തീയതി : 30.10.2024**

**ഡെപ്യൂട്ടി ഡ**

## 1-1-1 അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂൾ പ്രകാരം വിവിധ അഡ്വാൻസ് ഇനത്തിൽ വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്) ₹14271868/- ക്രമീകരിക ബാക്കിയുള്ളതായി കാണുന്നുണ്ട്. വിനിയോഗ വിവരം ലഭ്യമാക്കി ക്രമീകരിക്കേണ്ടതാണ്.

## 1-1-2 വസ്തുനികുതി ഡി.സി.ബി. കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷിക കണം
തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ ആസ്തിയായി അക്കൗണ്ട് ചെയ്യേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ പഞ്ചായത്തിലേക്ക് ഒ
ഗ്രാമപഞ്ചായത്ത് ആസ്തിയായി കണക്കാക്കേണ്ടതാണ്.

## 1-2 ബജറ്റ്

ആലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധ
സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 15.3.2023ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പഞ്ച
കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് 27.03.2023ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ച
കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 23.03.2024ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം
പരിഷ്കരിച്ചിട്ടുണ്ട്.

| വിവരണം | ബജറ്റ് എസ്റ്റിമേറ്റ് (27.03.2023 തീയതിയിലെ തീരുമാനം നം. 2(1)) | പരിഷ്കരിച്ച ബജറ്റ് എസ്റ്റിമേറ്റ് (23.03.2024 തീയതിയിലെ തീരുമാനം നം. 1(1)) |
|---|---|---|
| മുന്നിരുപ്പ് | 2,99,11,138 | 2,99,11,138 |
| വരവ് | 41,31,97,500 | 52,51,20,175 |
| ആകെ വരവ് | 44,31,08,638 | 55,50,31,313 |
| ചെലവ് | 43,95,02,000 | 55,10,24,456 |
| നീക്കിയിരുപ്പ് | 36,06,638 | 40,06,857 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹5,10,31,979 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹10,66,81,504 |
| ആകെ | : | ₹15,77,13,483 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹10,42,80,131 |
| നീക്കിയിരുപ്പ് | : | ₹5,34,33,352 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യ പത്രികയിലെ റ
& പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതുമാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ട
വരവുകൾ തുടർന്ന് വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് | റിമ |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 29939000 | 29939000 | 22904932 | 7034068 | | |
| വികസന ഫണ്ട്(എസ്.സി.പി) | | 12581000 | 12581000 | 8953273 | 3627727 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ്(റോഡ്) | | 19810650 | 19810650 | 7838492 | 11972158 | | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 3632600 | 3632600 | 3618521 | 14079 | | |
| ധനകാര്യ കമ്മീഷൻ അവാർഡ് (അൺ ടൈഡ്-ബാങ്ക്) (ബേസിക് ഗ്രാന്റ്) | 2254072 | 5272232 | 7526304 | 2440000 | | 5086304 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്-ബാങ്ക്) | 5454563 | 3718000 | 9172563 | 2152025 | | 7020538 | |
| ഹെൽത്ത് ഗ്രാന്റ് (ഡയഗണോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ) 320100202 | 313102 | 1246633 | 1559735 | 281910 | | 1277825 | |
| ഹെൽത്ത് ഗ്രാന്റ് (വെൽനസ് സെന്റർ) 320100204 | 211870 | 503364 | 715234 | 337979 | | 377255 | |
| ഐ.സി.ഡി.എസ് 320100196 | 2459185 | 2093307 | 4552492 | 344035 | | 4208457 | |
| ശുചിത്വ മിഷൻ ഗ്രാന്റ് 320100198 | 2378272 | 210000 | 2588272 | 690000 | | 1898272 | |
| സാക്ഷരത മിഷൻ 320100197 | 45497 | 10730 | 56227 | 8483 | | 47744 | |
| വിമുക്തി ഗ്രാന്റ് 320100190 | 30565 | | 30565 | | | 30565 | |
| നാഷണൽ പ്രോഗ്രാം ഫോർ പേഴ്സൺ വിത്ത് ഡിസെബിലിറ്റി 320100145 | 988052 | 401758 | 1389810 | 438524 | | 951286 | |
| നിർമ്മൽ പുരസ്കാരം 320100191 | 362228 | | 362228 | | | 362228 | |
| അഥർ സ്കീം – 320100152 | 1,10,000 | 61,006 | 1,71,006 | 61,006 | | 1,10,000 | |
| മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റ് 320400199 | 5,58,174 | | 5,58,174 | 0 | | 5,58,174 | |
| മറ്റു ബാധ്യതകൾ 320100999 | 20,344 | | 20,344 | 0 | | 20,344 | |
| റൂറൽ ഹൗസിംഗ് 320100160 | 13,057 | 6,00,000 | 86,13,057 | 50,47,132 | | 3,56,525 | |
| സർക്കാർ ഏജൻസികളിൽ | | 13,46,283 | 13,46,283 | 0 | | 13,46,283 | |

| | | | | | | | |
|---|---|---|---|---|---|---|---|
| നിന്നുള്ള ഫണ്ട് 320300199 | | | | | | | |

വികസന ഫണ്ട് (ജനറൽ)

*1073863/-രൂപ ലൈഫ് മിഷൻ വായ്പ , 10,73,863/-രൂപ അങ്കണവാടി വർക്കർ വേതനം ഉൾപ്പെടെ ആകെ 27,38,263/-രൂപ വികസന ഫണ്ടിൽ (ജനറൽ) നിന്നും സ്രോതസ്സിൽ ചെയ്തിട്ടുണ്ട്. ചെലവു തുകയായ I-6 നോടൊപ്പം 26,43,541/-കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഉൾപ്പെടു

വികസന ഫണ്ട് (എസ്.സി.പി)

*491825/-രൂപ ലൈഫ് മിഷൻ വായ്പയായി സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്.

**മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)**

1,18,049/-കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഉൾപ്പെടുന്നുണ്ട്.

**മെയിന്റനൻസ് ഗ്രാന്റ്( റോഡ്)**

1,99,481-കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഉൾപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | പദ്ധതി ചെലവ് (₹) | പൂർണ്ണമായി നടപ്പിലാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളു ശതമാനം |
|---|---|---|---|---|---|---|
| 252 | 264675091/- | 85427576/- | 124 | 10 | 118 | 49.21% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 24,287 | 10,90,430 | 11,14,717 | 11,12,724 | 1,993 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,05,36,980 | 4,05,36,980 | 4,05,36,980 | 0 |
| ആകെ | 24,287 | 41627410 | 41651697 | 41649704 | 1,993 |

എം.ജി.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിൽ നിന്നും എം.ജി.എൻ.ആർ.ഇ.ജി.എസ് സൊ ഫണ്ടിലേക്ക് ₹21770/- റീഫണ്ട് ചെയ്തതിനാൽ I-6 ലെ ചെലവ് തുകയുമായിട്ട് വ്യത്യാസപ്പെട്ട് കിട

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 52,17,400 | 500 |
| 2 | വിധവാ പെൻഷൻ | 1,9068100 | 1,762 |
| 3 | വാർധക്യകാല പെൻഷൻ | 3,92,14,000 | 3808 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7,77000 | 73 |
| 5 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 54,30,800 | 499 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരി 05.09.2024 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ഉച്ചകഴിഞ്ഞ 3 മണിക്ക് നടത്തുകയു പരിശോധനയിൽ ₹10,734/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1) GeM മുഖേനയുള്ള വാങ്ങലുകളിൽ, താരതമ്യ പത്രിക ഫയലുകളിൽ സൂക്ഷിക്കുന്നില്ല. ആയത് പ നടപടിക്രമങ്ങളുടെ വിവിധ ഘട്ടങ്ങളിൽത്തന്നെ ഡൗൺലോഡ് ചെയ്ത് ഫയലിൽ ചേർക്ക നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് കാര്യാലയത്തിൽ തന്നെ ടെ അസിസ്റ്റന്റ് മുതലായ ഉദ്യോഗസ്ഥരുടെ സഹായത്തോടെ GeM പർച്ചേസുകളുടെ ഓൺ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന സാഹചര്യങ്ങളിൽ താരതമ്യ പത്രിക ഉൾപ്പെടെയുള്ള സോഫ്റ്റ്വെയറിൽ നിന്നുള്ള പ്രിന്റൗട്ടുകൾ നിർബന്ധമായും നിർവ്വഹണോദ്യോഗസ്ഥർക്കു കൂടി നല്കുകയും ആയത് നിർവ്വഹണോദ്യോഗസ്ഥർ പ്രൊജക്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന നി നല്കുകയും ചെയ്യേണ്ടതാണ്.

2. തനത് ഫണ്ട് പദ്ധതി ചെലവിന്റെ ഭാഗമായിട്ടുള്ള പ്രൊജക്റ്റുകളിൽ ആയത് സുലേഖ പത്രികയിൽ പ്രതിഫലിക്കുന്നില്ല. നിർബന്ധമായും തനത് ഫണ്ട് ചെലവുകൾ സുലേഖ പത്രികയിൽ ചേർക്കേണ്ടതാണ്.

3. മെയിന്റനൻസ് ഫണ്ട് (റോഡ്) വിനിയോഗം കാര്യക്ഷമമാക്കേണ്ടതാണ്. (ചെലവ് 21% മാത്രം).

4. കേരളോത്സവത്തിനു തനതുഫണ്ടിൽ നിന്നും അനുവദിച്ചതുകയുടെ വിവരം ചെലവുപത്രി ഉൾപ്പെടുത്തിയിട്ടില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ആവശ്യമുള്ള പദ്ധതികൾക്ക് വാല്യു സർട്ടിഫിക്കറ്റും, പദ്ധതി പൂർത്തീകരണത്തിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും അതത് ഫയ സൂക്ഷിക്കേണ്ടതാണ്.

5. തനത് ഫണ്ടിൽ മിച്ചം വരുന്ന തുക എതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ സ്ഥിര നിക്ഷേ ഡെപ്പോസിറ്റ് ചെയ്യാവുന്നതാണ്.

6. ദിവസ വേതനാടിസ്ഥാനത്തിൽ നിയമിതയായ ഫുൾ ടൈം സ്വീപ്പർക്ക് ജി ഒ പി.29/2 ധന/11.02.2021 പ്രകാരം അനുവദനീയമായ ദിവസവേതനം 675/- രൂപയാണ്. എന്നാൽ പഞ്ചായ നിന്നും 685/- രൂപ വീതം നല്കിവരുന്നുണ്ട്. അധികം നല്കിയ തുക കണക്കാക്കി ഈടാക്കേണ്ട കൂടാതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള ഡ്രൈവർക്ക് റ്റിഎ അനുവദി സംബന്ധിച്ച് സർക്കാർ അനുമതി തേടേണ്ടതാണ്.

7. സെക്രട്ടറി നിർവ്വഹണം നടത്തിയ തുണിസഞ്ചി വിതരണം മാർഗ്ഗരേഖയിൽ ശുപാർശചെ സർക്കാരിന്റെ പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ട അല്ലാത്തപക്ഷം നൂതനപ്രോജക്ട് കാറ്റഗറിയിൽ അംഗീകാരം വാങ്ങേണ്ടതാണ്. വിതരണവിവരങ്ങളും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

8. പഞ്ചായത്തിൽ നിന്നും നല്കുന്ന പത്രപ്പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് ലഭ്യമാകണം എന്ന് പത്രങ്ങളിൽ നിന്നും ആയത് നേടുന്നില്ല. ഭാവിയിൽ ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ

9. 2023-24 സാമ്പത്തിക വർഷം ആലങ്ങാട് ഗ്രാമ പഞ്ചായത്തിലെ വാഹനങ്ങളുടെ ഇൻഷ എടുത്തിട്ടുള്ളത് ന്യൂ ഇന്ത്യ ഇൻഷുറൻസിൽ നിന്നുമാണ്. ഗ്രാമ പഞ്ചായത്ത് വക വാഹനങ്ങൾക്ക് സ ഇൻഷുറൻസ് എടുക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. വാഹനത്തിന്റെ ഫ്യുവൽ കൺസം ടെസ്റ്റ് നടത്തിയ വിവരം അറിയിക്കുന്നതിനു നല്കിയ 25/11.9.2024 നമ്പർ എൻക്വ നടത്തിയിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കി. കൃത്യമായ ഇടവേളകളിൽ ടെസ്റ്റ് നടത്തേണ്ടത് കസ്റ്റോ എന്ന നിലയിൽ സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്. ആയതിനാൽ ഈ വിഷയത്തിൽ പതിപ്പിക്കേണ്ടതും യഥാസമയം കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതുമാണ്.

## 1-10 ഹരിതകർമ്മസേന

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക

ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്ത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള സർക്കാർ നടപ്പാക്കുന്ന ഹരിതകേരള മിഷൻ പദ്ധ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ രൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യസംസ്കരണ മേഖ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപന നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്ക അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും പ്രവർത്തന സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യ മുക്തമാക്കുകയെന്ന ഹരിതകർമ്മസേനയുടെ ലക്ഷ്യം. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണ ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മ

ആലങ്ങാട് ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാന സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയു പരിശോധനാഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

**ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ**

| | |
|---|---|
| ഗ്രാമ പഞ്ചായത്തിന്റെ പേര് | ആലങ്ങാട് |
| വാർഡുകൾ | 21 |
| ജനസംഖ്യ | 47329 |
| ആൾ താമസമുള്ള വീടുകളുടെ എണ്ണം | 10259 |
| പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 765 |
| ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 46 |
| ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്ന വീടുകളുടെ എണ്ണം | 10259 |
| ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 765 |

**ഹരിതകർമ്മസേന പ്രവർത്തനങ്ങൾ**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രക മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ മാലിന്യസം മേഖലയിൽ വലിയ മാറ്റമാണ് വരുത്തിയിട്ടുള്ളത്. 46 ഹരിതകർമ്മസേനാംഗങ്ങൾ മ സംസ്കരണത്തിൽ പങ്കാളികളാകുന്നു. ഹരിതമിത്രം ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാ വിദ്യയുടെ വിന്യാസവും സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. യൂസർ ഫീ മുഖേന വീടുകളിൽ നിന്നും 50/- രൂപ, സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ എന്ന നിരക്കിൽ യൂ

ഈടാക്കി വരുന്നു. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി**

ഹരിതകർമ്മസേനയുടെ പ്രവർത്തനഫലമായി മികച്ച രീതിയിൽ മാലിന്യ ശേഖരണം നടത്തി

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള 42 മിനി എംസിഎഫുകളിലേക്ക് എത്തി

അവിടെ നിന്നും ആലങ്ങാട് സ്ഥാപിച്ചിട്ടുള്ള മെയിൻ എംസിഎഫിൽ എത്തിച്ച് ക്ലീൻ കേരള ക

കൈമാറുകയുമാണ് ചെയ്യുന്നത്. വിവിധ വാർഡുകളിൽ സ്ഥാപിച്ചിരിക്കുന്ന മിനി എം.സി.എഫ

നിന്നും യഥാസമയം മാലിന്യം നീക്കം ചെയ്യുന്നുണ്ട്.

**<u>അടിസ്ഥാന സൗകര്യങ്ങൾ</u>**

ഏകദേശം 2000 ചതു. അടി വലിപ്പമുള്ള എം.സി.എഫാണ് നിലവിലുള്ളത്. ഇതിൽ 80% വരുന്ന സ്റ്റോറേജായി ഉപയോഗിക്കുകയും അവിടെ വെച്ച് തന്നെ മാലിന്യം സോർട്ടിംഗ് നടത്തുകയും ചെ സ്ഥാപനത്തിൽ ശുചിമുറിയും, അനുബന്ധ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആ സൗകര്യങ്ങളുള്ള മറ്റൊരു എംഎസിഎഫ് കൂടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ സെഗ്രഗേഷൻ ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾക്ക് സ ലഭിക്കുകയും ചെയ്യുമെന്ന് വിലയിരുത്തുന്നു.

മാലിന്യം നീക്കം ചെയ്യുന്നതിന് വാഹന സൗകര്യമില്ല. നിലവിൽ വാടക നൽകിയാണ് വ ഉപയോഗിക്കുന്നത്. ഇ-ഓട്ടോ വാങ്ങുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നുണ്ട്. എം.സി.എഫിൽ അഗ്നി ന പ്രവർത്തനങ്ങൾ പൂർണ്ണമായും ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് ഉപകരണങ്ങളൊന്നുമില്ല.

**<u>ശുചിത്വ മാനദണ്ഡങ്ങൾ</u>**

മാലിന്യങ്ങൾ അലക്ഷ്യമായി കൂട്ടിയിടാതെ സ്റ്റോറേജ് ഏരിയയിൽ മാത്രം സൂക്ഷിച്ചിട്ടുണ്ട്. മാ തിരയുന്നതിനായി സേനാംഗങ്ങൾക്ക് രണ്ട് തരം ഗ്ലൗസുകളും, റെയിൻ കോട്ടും, ഷൂവും ട്രോളി മാസ്കും നൽകിയിട്ടുണ്ട്.

**<u>മാലിന്യ ശേഖരണ കലണ്ടർ</u>**

| ഇനം | ശേഖരിക്കുന്ന മാസം |
|---|---|
| ഇ- വേസ്റ്റ് | ജനുവരി, ജൂലൈ |
| പ്ലാസ്റ്റിക്, പേപ്പർ, കാർഡ് ബോഡ്, മറ്റ് സ്ക്രാപ്പ് തുടങ്ങിയവ | എല്ലാ മാസവും |
| തുണി മാലിന്യം | ഫെബ്രുവരി |
| ചെരുപ്പ്, ബാഗ്, തെർമോക്കോൾ തുടങ്ങിയവ | ഏപ്രിൽ, നവംബർ |
| മരുന്ന സ്ട്രിപ്പുകൾ | ഓഗസ്റ്റ്, സെപ്റ്റംബർ |

**<u>മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ</u>**

മാലിന്യ ശേഖരണത്തിനുള്ള കലണ്ടർ പ്രകാരമാണ് മാലിന്യങ്ങൾ ശേഖരിക്കുന്നത്. മാലിന്യം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാണ്. ഹരിതമിത്രം ആപ്പ് പ്രവ സജ്ജമായിട്ടില്ല. മാസത്തിൽ ഇരുപത് മുതൽ മുപ്പത്തിയൊന്ന് വരെയുള്ള ദിവസങ്ങള വീടുകളിലെയും, സ്ഥാപനങ്ങളിലേയും കളക്ഷൻ നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ രണ്ട് ലോഡി പ്ലാസ്റ്റിക്ക് മാലിന്യവും, കുറച്ച് ലെഗസി മാലിന്യവും മെയിൻ എം.സി.എഫിൽ അവശേഷിക്കുന്നു.

**<u>യൂസർഫീ വിവരങ്ങൾ</u>**

2023-24 വർഷം 72 ടൺ മാലിന്യം ശേഖരിക്കുകയും ക്ലീൻ കേരള കമ്പനിക്ക് 72 ടൺ തരം മാലിന്യവും, 40 ടൺ ലെഗസി വേസ്റ്റും കൈമാറിയതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വർഷം യൂസർഫീ ഇനത്തിൽ 46,38,410/- രൂപയും ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈട ഇനത്തിൽ 1,52,000/- രൂപയും ലഭിച്ചിട്ടുണ്ട്. ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ സ്ഥാപനത്തിന് 3,29,800/- രൂപ ലഭിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം സ്വീകര വിമുഖത കാട്ടുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സേവനം നിയന്ത്രിക്കുന്നത് അട നടപടികളിലൂടെ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും, പങ്കാളിത്തം വരുത്താനും കഴിഞ്ഞിട്ടുണ്ട്.

**<u>തൊഴിൽ സൃഷ്ടിക്കൽ</u>**

2023-24 സാമ്പത്തിക വർഷത്തിൽ 16,560 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. യൂസർ ഫീ ലഭ്യമാകുന്ന വാർഡ് അടിസ്ഥാനത്തിലുള്ള തുക അംഗങ്ങൾക്കിടയിൽ തുല്യമായി വീതിക്കുകയും.

ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി കോർപ്പസ് ഫണ്ടിലേക്ക് നീക്കിവെക്കണ നിർദ്ദേശം നടപ്പിലാക്കുകയും ചെയ്തുവരുന്നു. ശരാശരി 10,000/-രൂപയക്ക് മുകളിൽ ഉള്ള അംഗങ്ങൾക്ക് വരുമാനമായി ലഭിക്കുന്നുണ്ട്.

**ഹരിതകർമ്മസേന റിവ്യൂ മീറ്റിംഗ്**

ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി പ്രസിഡന്റ്, വൈസ് പ്രസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറി, നോഡൽ ഓഫീസർ അസി. സെക്രട്ടറി, എന്നിവർ ഉൾപ്പെടുന്ന സംഘം എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തുന്നുണ്ട്. മാലിന്യ നിർമാ സ്ക്വാഡ് പ്രവർത്തനങ്ങൾ, യൂസർ ഫീ കളക്ഷൻ അവലോകനം, ഹരിതകർമ്മസേനയുടെ പ്രവർ വിലയിരുത്തൽ എന്നീ കാര്യങ്ങൾ റിവ്യൂ മീറ്റിംഗിൽ ഉൾപ്പെടുത്തിവരുന്നു.

**പാരിസ്ഥിതിക ആഘാതം**

പൊതു സ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞതായി ഫോൺ മുഖാന്തരം പരാതി ലഭിച്ചതിനെ വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തി ഹരിതചട്ട ലംഘനങ്ങളുടെ പിഴ ഇനത്തിൽ 10,000/ ലഭിക്കുകയും, ടി വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് കർശന താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്.

**പരിശീലനവും വികസനവും**

ജൂലൈ 2024 ന് ഹരിതസേനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്തുതല ശില്പശാല നടത്തി ഹെൽത്ത് ഇൻസ്പെക്ടർ എല്ലാ മാസവുമുള്ള റിവ്യൂ മീറ്റിംഗിൽ പങ്കെടുക്കുകയും ആരോഗ്യകാര്യങ്ങ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.

**പൊതു നിർദ്ദേശങ്ങൾ**

1. ഹരിതമിത്രം ആപ്പ് പൂർണ്ണ സജ്ജമാക്കി യൂസർ ഫീ പിരിവ് നൂറ് ശതമാനത്തിലേ ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത നിയമം 220(സി) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.

## 1-11 വാടക - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 2 മുതൽ 13 വ മുറികളുടെയും, 1 മുതൽ 6 വരെയുള്ള സ്റ്റാളുകളുടേയും വാടക സംബന്ധിച്ച ഫയലുകൾ, രജിസ്റ്റർ, എന്നിവ പരിശോധിച്ചത് പ്രകാരം താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്.

1. <u>വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.</u>

| റൂം നം. | വാടകക്കാരന്റെ പേര് | കുടിശിക കാലയളവ്/പ്രതിമാസ വാടക | ആകെ കുടിശിക |
|---|---|---|---|
| 2 | ശ്രീ. ജൂഡോ പീറ്റർ, ചീരങ്കൽ | 1. 2022ഏപ്രിൽ മുതൽ 2023 മാർച്ച് വരെ. (പ്രതിമാസം ₹1070/-) | ₹12840/- + ജി.എസ്.റ്റി. |
| | | 2. 2023ഏപ്രിൽ മുതൽ 2024 മാർച്ച് വരെ.(₹1124/- പ്രതിമാസം.) | ₹13488/- + ജി.എസ്.റ്റി. |

മേൽ പറഞ്ഞിരിക്കുന്ന വാടക കുടിശ്ശിക തുക 26328/- രൂപ ജിഎസ്ടി പിഴപലിശ എന്നിവ സ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ട തുടർച്ചയായി രണ്ട് വർഷം വാടക നൽകാത്ത കരാറുകാരന് വാടകകരാർ പുതിക്കി നൽകി വിശദീകരണം നൽകേണ്ടതും ഇക്കാര്യം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്.

2. <u>ബൈലോ രൂപീകരിച്ചിട്ടില്ല.</u>

2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും, കയ്യൊഴിക്കലും) ചട്ടങ്ങളിലെ, ച പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ, ആ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ, സ്റ്റാളുകൾ എന്നിവ വാ നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല.

3. വാടക രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക രജിസ്റ്ററിൽ പൂർണ്ണമായ വിവ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4. താഴെ ചേർക്കുന്നവരുടെ വാടക്കരാർ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല

എ) ശ്രീ. ജൂഡോ പീറ്റർ, ചീരങ്കൽ(റൂം നം. 2)

ബി) ജോബിനോ പീറ്റർ ചീരങ്കൽ(റൂം നം. 4)

സി) ബെന്നി ജോസഫ്, പൊല്ലയിൽ (റൂം നം. 5.)

ഡി) രത്ന മോഹൻ , കാർത്തിക(റൂം നം. 11)

ഇ) ദിവ്യ, (സ്റ്റാൾ നം,3

എഫ്.) ദിവ്യ പി.ഡി. (സ്റ്റാൾ നം,4

ജി) ഡൊമിനി ഞാത്തോടൻ (സ്റ്റാൾ നം5.)

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വ (നം.2/05.09.24) വാടകക്കുടിശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപ സ്വീകരിച്ചിട്ടുണ്ടെന്നും, ബൈലോ രൂപീകരിക്കുന്നതിലേക്കായി 12.08.1999 ൽ കൂടിയ കമ്മിറ്റിയി നമ്പർ) തീരുമാനമെടുക്കുകയും, കരട് ബൈലോ അംഗീകാരത്തിന് അയക്കുന്നത തയ്യാറാക്കിയിട്ടുണ്ടെന്നും അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) കുടിശികയുള്ള വാടകക്കെട്ടിടങ്ങളുടെ വാടകയും, ബാധകമായ ജി.എസ്.റ്റിയും പിഴപ്പലിശ സ ഈടാക്കുന്നതിന് സ്വീകരിച്ച റവന്യൂ റിക്കവറി നടപടികളിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2) ബൈലോ രൂപീകരിക്കുന്നതിലേക്കായി, കമ്മിറ്റി തീരുമാനമെടുത്ത് (12.08.1999) 25 വർ കഴിഞ്ഞിട്ടും, സർക്കാർ അംഗീകാരമുള്ള വാടക ബൈലോ, നിലവിലും പഞ്ചായത്തിൽ ഇല്ലാ വസ്തുതയിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കരട് വാടക ബൈലോ സ അംഗീകാരം വാങ്ങി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ എല്ലാ വാടകക്കാരുമായി ന മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ കെട്ടിട നമ്പർ, മാസവാടക, ആദ്യഗഡു നൽകേണ്ട തീയതി തു വിവരങ്ങൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കേണ്ടതാണ്.

3) കെട്ടിട നമ്പർ, മാസവാടക, ലേലം നടന്ന തീയതി, വാടകക്കാലയളവ്, സെക്യൂരിറ്റി ഡെപ്പോസി മാസവാടകത്തുക, അടവാക്കിയ രസീത് നമ്പർ, തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

4) മേൽ സൂചിപ്പിച്ച 7 വാടകക്കാരുമായുള്ള കരാർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - അപാകതകൾ

2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധമായ ഫയലുകൾ, തൊഴിൽ രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു.

(എ) വിശ്വദീപ്തി വിദ്യാലയം പബ്ലിക് സ്കൂൾ, പാനായിക്കുളം

| പേര് | ശമ്പളം | രസീത് നം.1230300098/16.09.23 | | | അർദ്ധവർഷം |
|---|---|---|---|---|---|
| | | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് | |
| 1. ശ്രീമതി വൃന്ദ വി നായർ, | 110148 | 1000 | 750 | 250 | ഒന്നാം അർദ്ധവർഷം |
| 2. ശ്രീമതി മേരി പോൾ | 87834 | 750 | 600 | 150 | ഒന്നാം അർദ്ധവർഷം |
| 3. ശ്രീമതി ജയശ്രീ സുകുമാരൻ | 60984 | 600 | 450 | 150 | ഒന്നാം അർദ്ധവർഷം |

| | | | | | |
|---|---|---|---|---|---|
| 4. ശ്രീമതി ശ്രീജ ടി എസ്. | 69384 | 600 | 450 | 150 | ഒന്നാം അർദ്ധവർഷം |
| 5. ശ്രീമതി ഷൈബി എം. ഡി. | 49794 | 450 | 300 | 150 | ഒന്നാം അർദ്ധവർഷം |
| 6. ശ്രീമതി ഹസീന റഷീദ് | 49194 | 450 | 300 | 150 | ഒന്നാം അർദ്ധവർഷം |
| 7. ശ്രീമതി സബീന പി. എസ്. | 65484 | 600 | 450 | 150 | ഒന്നാം അർദ്ധവർഷം |
| 8. ശ്രീമതി മഞ്ജു ജോൺ | 49194 | 450 | 300 | 150 | ഒന്നാം അർദ്ധവർഷം |
| 9. ശ്രീമതി ജിജോയ് | 65484 | 600 | 450 | 150 | ഒന്നാം അർദ്ധവർഷം |
| 10. ശ്രീമതി ഡിജി ദേവസി | 46494 | 450 | 300 | 150 | ഒന്നാം അർദ്ധവർഷം |
| 11. ശ്രീമതി ശ്രീകല | 49194 | 450 | 300 | 150 | ഒന്നാം അർദ്ധവർഷം |
| 12. ശ്രീമതി വിജയകുമാരി പി, ബി | 73086 | 600 | 450 | 150 | ഒന്നാം അർദ്ധവർഷം |
| 13. ശ്രീമതി ഇൻഫ | 45570 | 450 | 300 | 150 | ഒന്നാം അർദ്ധവർഷം |
| 14. ശ്രീമതി ജിസ്മി സിജോ | 46794 | 450 | 300 | 150 | ഒന്നാം അർദ്ധവർഷം |
| 15. ശ്രീമതി ശാലിനി കൈമൾ | 32592 | 300 | 180 | 120 | ഒന്നാം അർദ്ധവർഷം |
| ആകെ | | | | 2,320 | |

(ബി) അൽഹുദ പബ്ലിക് സ്കൂൾ, പാനായിക്കുളം

| പേര് | ശമ്പളം | ഒന്നാം അർദ്ധവർഷം രസീത് നം.1230104135/20.11.23 1230104136/20.11.23 | | |
|---|---|---|---|---|
| | | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
| 1.ശ്രീമതി സിനില റാഫി | 54,000 | 450 | 180 | 270 |
| 2. ശ്രീമതി അമൽഷാ കെ. എ. | 54,000 | 450 | 300 | 150 |
| 3. ശ്രീമതി പ്രിയ എം. വൈ. | 74,000 | 600 | 450 | 150 |
| 4. ശ്രീമതി ശരണ്യ എസ്. റെജി | 74,000 | 600 | 450 | 150 |
| ആകെ | | | | 720 |

മേൽ സൂചിപ്പിച്ച 2 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് വന്ന ₹3 (2,320+720) പഞ്ചായത്ത് ഫണ്ടിലേക്ക് അടവ് വരുത്തി രേഖകൾ ഓഡിറ്റിൽ പരിശോധന ലഭ്യമാക്കേണ്ടതാണ്. കൂടാതെ പാനായിക്കുളം വിശ്വദീപ്തി വിദ്യാലയം പബ്ലിക് സ്കൂളിന്റെ അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയത് നിയമാനുസൃതമായ സ്ലാബ് പ്രകാരമാണോ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

2. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| | | |

| നം. | | |
|---|---|---|
| 1. | കെ.കെ. മൊബിലിറ്റി സൊല്യൂഷൻ പ്രൈ.ലി. | I |
| 2. | ഓറിയന്റൽ മെറ്റൽസ് എൽ.എൽ.പി.വി. ലോജിസ്റ്റിക്സ്, പാനായിക്കുളം. | I |
| 3. | എ.എച്ച്.എസ്. ഫ്യൂവൽസ് ഇന്ത്യൻ ഓയിൽ | II |
| 4, | സബ് പോസ്റ്റോഫീസ് ആലങ്ങാട് | II |
| 5, | പോസ്റ്റോഫീസ്, കൊങ്ങോർപ്പിള്ളി | I |
| 6, | എസ്.എൻ.എൽ.പി. സ്കൂൾ, കൊട്ടുവഴങ്ങ | I |
| 7, | ഗോപിക ഡയറി ഫാക്സ്, കൊങ്ങോർപ്പിള്ളി | I & II |
| 8, | കേരള ആയുർവേദ ഫാർമസി ലിമിറ്റഡ് | I & II |
| 9, | കാവേരി ഓർഗാനിക്സ് അഗ്രി ഇൻപുട്ട്സ് | I & II |
| 10, | ലൈബേർ അപ്ലൈൻസസ് ഇന്ത്യ, പാനായിക്കുളം. | I & II |
| 11, | പി.ആർ.ഓ.കണക്ട് ഇന്റഗ്രേറ്റഡ് ലോജിസ്റ്റിക്സ് &<br>പി.ആർ.ഓ. കണക്ട് സപ്ലൈ ചെയിൻ സൊല്യൂഷൻസ് ലിമിറ്റഡ് | II |
| 12, | ടി.വി.എസ്. ഓട്ടോമൊബാൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 13, | കൊട്ടുവഴങ്ങ ക്ഷീര സഹകരണസംഘം | I & II |

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത്, ഈടാക്കി രേ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

3. പാലിയേറ്റീവ് കെയർ നഴ്സ്, ഐകെഎം ടെക്നിക്കൽ അസിസ്റ്റന്റ്, പഞ്ചായത്തിന്റെ പ്രവൃ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ എന്നിവരുടെ തൊഴിൽനികുതി 2023-24 സാമ്പത്തിക വർഷ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധ ഹാജരാക്കേണ്ടതാണ്.

മേൽ പറഞ്ഞിരിക്കുന്ന അപാകതകളോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (09/07. മറുപടിയായി ഡിമാന്റ് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയി പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി കൃത്യമായി പിരിച്ചെടുക്കു ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ആവശ്യമാണ്.

## 1-13 വസ്തുനികുതി - അപാകതകൾ

1. സ.ഉ (കൈ) നം.77/2023/LSGD തീ.22.03.2023, പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.0 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ പുറപ്പെടുവിച്ചിട്ടുണ്ട്. ആലങ്ങാട് പഞ്ചായത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നത 25.07.2023ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി (തീരുമാനം നം.1-1) തീരുമാനമെടുത്തിട്ടുണ്ടെ വസ്തുനികുതി പുതുക്കി നിശ്ചയിച്ച് ഈടാക്കിയിട്ടില്ല. പാർപ്പിടാവശ്യം, വാണിജ്യാവശ്യം തു എല്ലാവിധ ഉപയോഗക്രമങ്ങളിലും വസ്തുനികുതി നിർണ്ണയത്തിന്, അടിസ്ഥാന വസ്തു നിരക്കായിട്ടെടുത്തിരിക്കുന്നത് നികുതിപരിഷ്കരണത്തിന് മുൻപുള്ള നിരക്കുകൾ തന്നെയാണ്. ഇ പഴയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിന് ഏതാനും ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്ന

| ക്രമ നം. | പേര് | കെട്ടിട നം. | ഉപയോഗം/പഴയനിരക്ക് | തീയതി |
|---|---|---|---|---|
| 1. | നിജീഷ് ഷൈൻ | 18/181എ | വാണിജ്യാവശ്യം 50/- | 26.04.2023 |
| 2. | സോവിനസ് ജോൺ | 18/20 ബി | പാർപ്പിടാവശ്യം 5/- | 05.01.2024 |
| 3. | അബ്ദുൾ റഹിം മൂപ്പൻ | 16/129 എൽ | വാണിജ്യാവശ്യം 50/- | 04.03.2024 |
| 4. | ശശി കാക്കനാട്ട് പറമ്പിൽ | 9/491എ | പാർപ്പിടാവശ്യം 5/- | 20.03.2024 |
| 5. | ബിജു എം.എ. മാതിരപ്പിള്ളി | 3/157 ബി | വാണിജ്യാവശ്യം 60/- | 04.10.2023 |

മേൽപറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി (പാർപ്പിടാവ പാർപ്പിടേതരം) പുതുക്കി നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കുവാൻ വേണ്ട സ്വീകരിക്കേണ്ടതാണ്.

2. കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ചുമത്തേണ്ടത നം.77/2023/LSGD തീ.22.03.2023, പ്രകാരം നിയമഭേദഗതി വന്നിട്ടുള്ളതിനാൽ പ്രസ്തുത കെട്ടിട വിവരശേഖരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

3. വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് തീർപ്പാക്ക തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ അപ്പീൽസമിതികൾ രൂപീകരിച്ചതിന്റെ വിവ ലഭ്യമാക്കിയിട്ടില്ല.

4. 2023-24 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂ പ്രകാരം വസ്തുനികുതി ഇനത്തിൽ താഴെ ചേർക്കുന്ന പ്രകാരം കുടിശിക ഉണ്ട്.

| ഇനം | കുടിശ്ശിക |
|---|---|
| പാർപ്പിടാവശ്യം (തൻവർഷം) | 982,815.00 |
| പാർപ്പിടാവശ്യം (അരിയേഴ്സ്) | 1,063,706.00 |
| പാർപ്പിടേതരം (തൻവർഷം) | 956,554.00 |
| പാർപ്പിടേതരം (അരിയേഴ്സ്) | 2,020,484.00 |

